# കേരള സർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **244/2026** തീയതി : **20/11/2026**

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റിവച്ചു

FYUGP അഞ്ചാം സെമസ്റ്റർ നവംബർ 2026 ജിയോളജി വിഭാഗം വിദ്യാർത്ഥികളുടെ 2026 നവംബർ 27 ന് നടത്താൻ നിശ്ചയിച്ചിരുന്ന പരീക്ഷ 2026 ഡിസംബർ 19 ലേക്കും, 2026 നവംബർ 30 ന് നടത്താൻ നിശ്ചയിച്ചിരുന്ന പരീക്ഷ 2026 ഡിസംബർ 21 ലേക്കും മാറ്റിവച്ചിരിക്കുന്നു. മറ്റ് പരീക്ഷകൾക്കും പരീക്ഷാ കേന്ദ്രത്തിനും മാറ്റമില്ല.

### പരീക്ഷാഫലം പുനഃപ്രസിദ്ധീകരിച്ചു

കേരള സർവകലാശാല 2026 ജനുവരിയിൽ വിജ്ഞാപനം ചെയ്ത ഒന്നാം സെമസ്റ്റർ എംഎസ്സി കെമിസ്ട്രി (ന്യൂ-ജെൻ) പരീക്ഷയുടെ (2025 സ്കീം) പുനഃപ്രസിദ്ധീകരിച്ച ഫലം സർവകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്. സൂക്ഷ്മ പരിശോധനയ്ക്ക് 2026 നവംബർ 29 വരെ **www.slcm.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷിക്കാം.

### പരീക്ഷാവിജ്ഞാപനം

കേരള സർവകലാശാല 2027 ജനുവരി 12 ന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബിഎ/ബികോം/ബിബിഎ എൽഎൽബി ബിരുദ പരീക്ഷകളുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാലയുടെ ആറാം സെമസ്റ്റർ ബിപിഎ (മ്യൂസിക് വയലിൻ), സെപ്റ്റംബർ 2026 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ 2026 ഡിസംബർ 07 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### കോളേജ് മാറ്റത്തിന് അപേക്ഷിക്കാം

കേരള സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഒന്നാം സെമസ്റ്റർ ബിഎഡ് വിദ്യാർഥികൾക്ക് 2026-27 അധ്യയന വർഷത്തിൽ രണ്ടാം സെമസ്റ്ററിലേക്ക് കോളേജ് മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷകർ ഒന്നാം സെമസ്റ്ററിൽ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തവരാകണം. കോളേജ് മാറ്റം ഗവൺമെന്റ്/എയ്ഡഡ്

കോളേജുകൾ തമ്മിലും, സ്വാശ്രയ കോളേജുകൾ തമ്മിലും, കെ.യു.സി.റ്റികൾ തമ്മിലും അനുവദിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷയോടൊപ്പം ബിരുദ/ബിരുദാനന്തര പരീക്ഷകളുടെ മാർക്ക് ലിസ്റ്റുകൾ സഹിതം പഠിക്കുന്ന കോളേജിലെയും ചേരാൻ ഉദ്ദേശിക്കുന്ന കോളേജിലെയും പ്രിൻസിപ്പാൾമാരുടെ ശുപാർശയോടൊപ്പം 1075/- രൂപ ഫീസ് അടച്ച് സർവകലാശാലയിൽ 07.12.2026 ന് 5 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 1575/- രൂപ കൂടി അടക്കേണ്ടതാണ്.

അപേക്ഷ സർവകലാശാല രജിസ്ട്രാർ തപാലിൽ ലഭിക്കേണ്ട അവസാന തീയതി 2026 ഡിസംബർ 07. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് (**www.keralauniversity.ac.in**). അവസാന തീയതിയ്ക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

കേരള സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ നാലാം സെമസ്റ്ററിലേക്ക് ബിരുദ വിദ്യാർത്ഥികൾക്ക് (FYUGP) 2026-27 അദ്ധ്യായന വർഷത്തിൽ മേജർ വിഷയം മാറാതെയുള്ള കോളേജ് മാറ്റത്തിനായി അപേക്ഷിക്കാവുന്നതാണ്. കോളേജ് മാറ്റം ഗവൺമെന്റ്/എയ്ഡഡ് കോളേജുകൾ തമ്മിലും, സ്വാശ്രയ കോളേജുകൾ തമ്മിലും, യു.ഐ.റ്റി സെന്ററുകൾ തമ്മിലും ഓട്ടോണോമസ് കോളേജിൽ നിന്ന് ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ കോളേജുകളിലേക്കും അനുവദിക്കുന്നതാണ്.

പൂരിപ്പിച്ച അപേക്ഷ, +2 അല്ലെങ്കിൽ തത്തുല്യ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് സഹിതം പഠിക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന്റെ ശുപർശയോടൊപ്പം 1050/- രൂപ ഫീസ് അടച്ചു ചേരാൻ പോകുന്ന കോളേജിൽ 03.12.2026 ന് മുൻപായി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ 1575/- രൂപ കൂടി അടക്കേണ്ടതാണ്.

അപേക്ഷ സർവകലാശാല രജിസ്ട്രാർ തപാലിൽ ലഭിക്കേണ്ട അവസാന തീയതി 09.12.2026. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ് (**www.keralauniversity.ac.in**).

**നിശ്ചിത തീയതിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്**

**ഉമേഷ് ബി.**
പബ്ലിക് റിലേഷൻസ് ഓഫീസർ
**E-mail:** ku.release@keralauniversity.ac.in

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**
***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**